# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് -ജീവനക്കാര്യം- കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ.എം.അനീഷ്കുമാറിനെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(എം.എസ്)നം. 186/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 29/10/2014**

---

പരാമർശം:-
1) 25.11.2005 ലെ സ.ഉ(പി) നമ്പർ 501/05/ധന.
2) 09.02.2010 ലെ സ.ഉ(പി) നമ്പർ 61/10/ധന
3) ശ്രീ.എം.അനീഷ്കുമാറിന്റെ 01/12/2010 ലെ അപേക്ഷ
4) പയ്യാവൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 04/12/2010 ലെ 155/10(5) -ാം നമ്പർ തീരുമാനം.
5) പഞ്ചായത്ത് ഡയറക്ടറുടെ 03/05/2013 ലെ ഇ9-30496/2011 നമ്പർ കത്തുകൾ.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമ പഞ്ചായത്തിൽ 25/03/1998 മുതൽ വോളണ്ടറി അടിസ്ഥാനത്തിലും 11/12/2001 മുതൽ ദിവസക്കൂലി അടിസ്ഥാനത്തിലും സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ.എം. അനീഷ്കുമാർ തന്റെ നിയമനം ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ശ്രീ.എം. അനീഷ്കുമാറിന്റെ നിയമനം ക്രമവൽക്കരിക്കുന്നതിന് പരാമർശം 4 പ്രകാരം പയ്യാവൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടിയാനെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമ പഞ്ചായത്തിൽ 25/03/1998 മുതൽ വോളണ്ടറി അടിസ്ഥാനത്തിലും 11/12/2001 മുതൽ ദിവസക്കൂലി അടിസ്ഥാനത്തിലും സ്വീപ്പർ ആയി ജോലി ചെയ്തുവരുന്ന ശ്രീ.എം. അനീഷ് കുമാറിനെ പയ്യാവൂർ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
ധനകാര്യ വകുപ്പിന് (23/08/2014 ലെ 40405/വ്യയം സി2/2014/ധന പ്രകാരം
സെക്രട്ടറി, പയ്യാവൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ.
ശ്രീ.എം. അനീഷ് കുമാർ, പാർട്ട് ടൈം സ്വീപ്പർ, പയ്യാവൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ (പയ്യാവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
~~ധനകാര്യ വകുപ്പ് (23/08/2014 ലെ യു.ഒ.നമ്പർ 40405/വ്യയം സി2/14/ധന പ്രകാരം)~~
ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ